# മധുരമായ കുട്ടികളെ - ബാബയോട് സർവ്വ സംബന്ധവും വെയ്ക്കുകയാണെങ്കിൽ ബന്ധനം സമാപ്തമാകും, മായ ബന്ധനത്തിൽ കുടുക്കുന്നു, ബാബ ബന്ധനങ്ങളിൽ നിന്ന് മുക്തമാക്കുന്നു

**ചോദ്യം** :- നിർബന്ധനരെന്ന് ആരെ പറയും? നിർബന്ധനമാകുന്നതിനുള്ള ഉപായം എന്താണ്?
**ഉത്തരം** :- നിർബന്ധനം അർത്ഥം അശരീരി. ദേഹ സഹിതം ദേഹത്തിന്റെ ഒരു സംബന്ധവും ബുദ്ധിയെ ആകർഷിക്കരുത്. ദേഹ-അഭിമാനത്തിൽ തന്നെയാണ് ബന്ധനമുള്ളത്. ദേഹീ-അഭിമാനിയാകുകയാണെങ്കിൽ എല്ലാ ബന്ധനവും സമാപ്തമാകും. ജീവിച്ചിരിക്കെ മരിക്കുന്നത് തന്നെയാണ് നിർബന്ധനമാകുക. ബുദ്ധിയിലുണ്ടായിരിക്കണം ഇപ്പോൾ അന്തിമ സമയമാണ്, നാടകം പൂർത്തിയായി, നമ്മൾ ബാബയുടെ അടുത്തേക്ക് പോകുകയാണ് അപ്പോൾ നിർബന്ധനമായി തീരും.

**ഗീതം**:- ആരുടെ കൂട്ടുകാരനാണോ ഭഗവാൻ.......

**ഓം ശാന്തി**. ബാബ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ ഇത്രയധികം കുട്ടികളുണ്ടെങ്കിൽ തീർച്ചയായും പരിധിയില്ലാത്ത അച്ഛനായിരിക്കും. ബാബ മനസ്സിലാക്കി തരികയാണ് പറയുന്നതും നിരാകാരനായ ശിവബാബ എന്നാണ്. ബ്രഹ്മാവിനേയും ബാബ എന്നാണ് പറയുന്നത്.എന്നാൽ വിഷ്ണുവിനേയോ ശങ്കരനേയോ ബാബ എന്ന് പറയുന്നില്ല. ശിവനെ എപ്പോഴും ബാബ എന്ന് പറയുന്നു. ശിവന്റെ ചിത്രം വേറെയാണ്, ശങ്കരന്റെ ചിത്രം വേറെയാണ്. ഗീതത്തിലും ഉണ്ട് ശിവായ നമ: പിന്നെ പറയുന്നുണ്ട് അങ്ങ് തന്നെ മാതാ പിതാ........... ഇതും മനസ്സിലാക്കി കൊടുക്കാൻ വളരെ സഹജമാണ്. അതായത് നിരാകാരനായ ശിവനെയാണ് ബാബ എന്ന് പറയുന്നത്. ബാബ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. ശങ്കരനോ വിഷ്ണുവോ നിരാകാരനല്ല. ശിവനെയാണ് നിരാകാരൻ എന്ന് പറയുന്നത്. ക്ഷേത്രങ്ങളിൽ ഇവരുടേയെല്ലാം ചിത്രങ്ങളുണ്ട്. ഭക്തി മാർഗ്ഗത്തിൽ എത്രയെത്ര ചിത്രങ്ങളാണുള്ളത്. ഉയർന്നതിൽ വെച്ച് ഉയർന്ന ചിത്രം കാണിക്കുന്നത് ശിവബാബയെയാണ്, പിന്നെ ബ്രഹ്മാ , വിഷ്ണു , ശങ്കരൻ എന്നിവരുടെ ചിത്രവും. അവർക്കെല്ലാം തന്നെ രൂപം ഉണ്ട്. ജഗദംബക്കും ജഗത്പിതാവിനും രൂപം ഉണ്ട്. ലക്ഷ്മി-നാരായണനും സാകാരി രൂപമുണ്ട്. കേവലം ഒരേ ഒരു ഭഗവാൻ മാത്രമാണ് നിരാകാരനായിട്ടുള്ളത്. പക്ഷേ കേവലം ഈശ്വരൻ എന്നുപറയുമ്പോൾ മനുഷ്യർ ആശയക്കുഴപ്പത്തിലാകുന്നു. ചോദിച്ചുനോക്കൂ ഈശ്വരൻ നിങ്ങളുടെ ആരാണ് ,പറയും അച്ഛൻ. അപ്പോൾ ഇത് തെളിയിച്ച് പറഞ്ഞുകൊടുക്കണം ഗോഡ്ഫാദർ എന്ന്. അച്ഛൻ സൃഷ്ടി നടത്തുന്നു എങ്കിൽ തീർച്ചയായും മാതാവും ആവശ്യമാണ്. മാതാവ് ഇല്ലാതെ പിതാവ് എങ്ങനെ സൃഷ്ടി നടത്തും. അപ്പോൾ ആ പിതാവ് എപ്പോൾ ആണ് വരുന്നത്. എല്ലാവരും വിളിക്കുന്നുണ്ട് ഹേ പതിതരെ പാവനമാക്കുന്നവനെ വരൂ എന്ന്. ഇപ്പോൾ ഈ മുഴുവൻ ലോകവും പതിതമാണ് . പതീതമാകുമ്പോൾ തന്നെയാണ് പാവനമാക്കുന്നത്. അതിൽ നിന്ന് തന്നെ തെളിയുന്നുണ്ട് ബാബയ്ക്ക് തീർച്ചയായും പതീതലോകത്തിൽ തന്നെയാണ് വരേണ്ടത്. പക്ഷേ ഡ്രാമയനുസരിച്ച് ഇതൊന്നും ആരുടേയും ബുദ്ധിയിൽ വരികയില്ല. എപ്പോഴാണോ ഇതൊന്നും തന്നെ മനസ്സിലാകാത്തത് അപ്പോഴാണ് ബാബ വന്ന് മനസ്സിലാക്കിതരുന്നത്. അച്ഛൻ ഇരുന്ന് കുട്ടികൾക്കാണ് മനസ്സിലാക്കിതരുന്നത്. ഭാരതത്തിൽ തന്നെയാണ് ഇങ്ങനെ പാടാറുള്ളത് ജ്ഞാനവും ഭക്തിയും ബ്രഹ്മാവിന്റെ പകലും, ബ്രഹ്മാവിന്റെ രാത്രിയും എന്നൊക്കെ. രാത്രിയിൽ ഘോരമായ ഇരുട്ടാണ്. ഇങ്ങനേയും പാടാറുണ്ട് ജ്ഞാനാഞ്ജനം സത്ഗുരു നൽകി , അജ്ഞാനാന്ധകാരം വിനാശമായി. മനുഷ്യരിൽ ഇത്രയും അജ്ഞാനമാണ്. തന്റെ പിതാവിനെപ്പോലും അറിയുന്നില്ല. ഇത്പോലുള്ള അജ്ഞാനം വേറൊന്നും തന്നെയില്ല. പരംപിതാ , ഓ ഗോഡ്ഫാദർ എന്ന വാക്ക് പറയുമ്പോഴും അറിയുന്നില്ല എങ്കിൽ അത്പോലൊരു അജ്ഞാനം വേറെയില്ല. കുട്ടികൾ അച്ഛനെന്ന് പറയുകയും എന്നിട്ട് അച്ഛന്റെ പേരോ ജോലിയോ, രൂപമോ ഒന്നും അറിയുകയില്ല എന്ന് പറഞ്ഞാൽ അവരെ വിഡ്ഢി എന്നല്ലേ പറയുക, ഇത് ഭാരതവാസികളുടെ വിഡ്ഢിത്തമാണ് . അച്ഛനെന്ന് വിളിക്കുകയും എന്നിട്ട് അച്ഛനെ അറിയാതിരിക്കുകയും ചെയ്യുക. ഇങ്ങനെ പാടിക്കൊണ്ടിരിക്കുന്നു അല്ലയോ പരംപിതാവേ വരൂ വന്ന് പതീതരേ പാവനമാക്കൂ ദു:ഖത്തിൽ നിന്ന് മോചിപ്പിയ്ക്കൂ. ദുഃഖത്തെ ഹരിച്ച് സുഖം നൽകുന്ന ബാബ ഒരിക്കൽ മാത്രമാണ് വരുന്നത്. ഇത് നിങ്ങളും നമ്പർവൈസായാണ് അറിയുന്നത്. നമുക്ക് ബാബയിൽ നിന്നും പൂർണ്ണ സമ്പത്തെടുക്കണമെന്നുള്ളത് പലരും മനസ്സിലാക്കുന്നില്ല.

ബാബയുടെ പൂർണ്ണപരിചയം ഇല്ലാത്തത് കാരണം പറയുന്നു എന്തുചെയ്യാം, ബന്ധനത്തിലാണ് എന്നൊക്കെ. ജീവിച്ചിരിക്കെ മരിക്കാൻ അറിയാമെങ്കിൽ നിങ്ങളുടെ ബന്ധനം ഇല്ലാതാകും. മനുഷ്യർ പെട്ടെന്ന് മരിച്ച് പോകുകയാണെങ്കിൽ ബന്ധനം ഇല്ലാതാകുന്നു. ഇപ്പോൾ എല്ലാവർക്കും ബന്ധനത്തിൽ

നിന്ന് മോചിതരാകേണ്ടതായുണ്ട്. നിങ്ങൾക്ക് ജീവിച്ചു കൊണ്ടും നിർബന്ധനരാകുക അർത്ഥം അശരീരിയാകണം. ബാബ പറയുന്നു ഈ ശരീരത്തിന്റെ ബോധം മുതലായവ മറന്നേക്കൂ. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ബന്ധനം അപ്പോഴാണുണ്ടാകുന്നത് എപ്പോഴാണോ നിങ്ങൾ ദേഹാഭിമാനിയായിരിക്കുന്നത്. എന്നിട്ട് പറയും എങ്ങനെ ഇല്ലാതാക്കും. ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊള്ളൂ പക്ഷേ ബുദ്ധിയിലുണ്ടാകണം– നമുക്ക് തിരിച്ച് പോകണം എന്നത്. ഏതുപോലെയാണോ ഒരു നാടകം അവസാനിക്കാറാകുമ്പോൾ അതിലെ അഭിനേതാക്കൾ അതിൽ നിന്ന് ഉപരാമമാകുന്നത് തന്റെ ഭാഗം അഭിനയിക്കുമ്പോഴും അവർക്ക് ബുദ്ധിയിലുണ്ടായിരിക്കും – ഇനി കുറച്ച് സമയം കൂടിയേ ഉള്ളൂ. ഈ ഭാഗം അഭിനയിച്ച ശേഷം വീട്ടിലേക്ക് തിരിച്ച് പോകും. നിങ്ങൾക്കും ഇത് ബുദ്ധിയിൽ വെയ്ക്കണം – ഇപ്പോൾ അന്തിമസമയമാണ്, നമ്മൾ ദൈവീക സംബന്ധത്തിലേക്ക് പോകുകയാണ്. ഈ പഴയ ലോകത്തിലിരുന്നുകൊണ്ടും ഇത് ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ ബാബയുടെ അടുത്തേക്ക് പോകുകയാണ് എന്ന്. ഇങ്ങനെ പറയാറുണ്ട് ഞങ്ങൾ അങ്ങയിൽ ബലിയാകും, അങ്ങയുടേതായി ജീവിക്കും, ദേഹസഹിതം ദേഹത്തിന്റെ എന്തെല്ലാം സംബന്ധങ്ങളുണ്ടോ അതിനെയെല്ലാം മറന്ന് അങ്ങയോട് മാത്രം സംബന്ധം വയ്ക്കും  എന്നൊക്കെ. സംബന്ധത്തിലാണെങ്കിൽ ഓർമ്മിക്കും സ്നേഹിക്കും. ബാബയോട് അഥവാ തന്റെ പ്രിയതമനോട് ബുദ്ധിയോഗം വയ്ക്കൂ അപ്പോൾ നിങ്ങളിൽ പറ്റിപിടിച്ച കറകൾ ഇല്ലാതാകും. യോഗത്തിന്റെ മഹിമ പാടാറുണ്ടല്ലോ. ബാക്കി എല്ലാം തന്നെ ലൗകീക യോഗമാണ്– മാമൻ, ചാച്ചൻ, ജ്യേഷ്ഠൻ, ഗുരു,ഗോസായി എല്ലാവരിലും തന്നെ യോഗം വെച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് ഇവരോടെല്ലാമുള്ള യോഗം അവസാനിപ്പിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. യോഗം എന്നോട് മാത്രം വെക്കൂ . ദേഹാഭിമാനത്തിൽ വരാതിരിക്കൂ. ദേഹം കൊണ്ട് കർമ്മം ചെയ്തുകൊണ്ടും നിശ്ചയം ചെയ്യൂ ഞങ്ങൾ പാർട്ട് അഭിനയിച്ച് കൊണ്ടിരിക്കുക മാത്രമാണ് എന്ന്.  ഈ പഴയ ലോകത്തിന്റെ അവസാനമാണ്. ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളിൽ നിന്നും ഉപരാമമാകണം എന്ന് ഇങ്ങനെ ഇങ്ങനെ സ്വയത്തോട് സംസാരിച്ച് കൊണ്ടിരിയ്ക്കണം. ഇപ്പോൾ ബാബയുടെ അടുത്തേക്ക് പോകണം. ചിലർക്ക് ഭാര്യയുടെ  ബന്ധനം, ചിലർക്ക് ഭർത്താവിന്റെ, വേറെ ചിലർക്ക് മറ്റുചിലരുടെ  ബന്ധനം. ബാബ യുക്തി പറഞ്ഞു തരികയാണ്, അവരോട് പറയൂ– ഞങ്ങൾക്ക് പവിത്രമായി മാറി ഭാരതത്തെ തീർച്ചയായും പവിത്രമാക്കുക തന്നെ വേണം. ഞങ്ങൾ പവിത്രരായി ശരീരം, മനസ്സ്, ധനം കൊണ്ട് സേവ ചെയ്യുകയാണ്. പക്ഷേ അതിന് ആദ്യം നഷ്ടോമോഹയായി മാറണം. മോഹം തീരെയില്ലാതായെങ്കിൽ സർക്കാരിന് കത്തെഴുതൂ. എങ്കിൽ അവരും നിങ്ങൾക്ക് സഹയോഗം  നൽകും. ഭഗവാനുവാചാ– കാമം മഹാശത്രുവാണ്. ഞങ്ങൾ അതിൽ വിജയം നേടി പവിത്രമായിരിക്കാൻ ആഗ്രഹിക്കുന്നു. ബാബയുടെ ആജ്ഞയാണ് പവിത്രമാവുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയാകാം. ഞങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ പവിത്രമായിരിക്കുന്നതിൽ ഇങ്ങനെ തടസ്സം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു, ഞങ്ങളെ അടിക്കുന്നു. ഞങ്ങൾ ഭാരതത്തിന്റെ സത്യമായ സേവ ചെയ്യുകയാണ്. ഇപ്പോൾ എനിക്ക് അഭയം നൽകൂ. പക്ഷേ അതിന് പൂർണ്ണമായ നഷ്ടോമോഹയാകണം. സന്യാസികൾ വീടും കുടുംബവും ഉപേക്ഷിക്കുന്നു. എന്നാൽ ഇവിടെയാണെങ്കിൽ ഒന്നിച്ച് വസിച്ചുകൊണ്ട് നഷ്ടോമോഹയാകണം. സന്യാസിമാരുടെ മാർഗ്ഗം വേറെയാണ്. മനുഷ്യർ പറയുന്നു, ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ട് ഞങ്ങൾക്ക് അങ്ങിനെയുള്ള ജ്ഞാനം നൽകൂ,അത് ഞങ്ങൾക്ക് ജനകരാജാവിനെപ്പോലെ മുക്തിയും ജീവന്മുക്തിയും പ്രാപ്തമാക്കട്ടെ. അത് തന്നെയാണല്ലോ ഇപ്പോൾ നിങ്ങൾക്ക്  കിട്ടിക്കൊണ്ടിരിക്കുന്നത്.

ബാബ പറയുന്നു ഇതെന്റെ പത്നിയാണ്. ഇവരുടെ മുഖത്തിലൂടെ ഞാൻ പ്രജകളെ രചിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ എന്താണ് പറയുന്നത്. ശിവബാബ നിങ്ങളോട് പറയുകയാണ് നിങ്ങൾ എന്റെ പേരക്കുട്ടികളാണ്. ഇദ്ദേഹം പിന്നെ പറയുന്നു നിങ്ങൾ എന്റെ കുട്ടികളായിത്തീർന്ന് ശിവബാബയുടെ പേരക്കുട്ടികളാവുകയാണ്. സമ്പത്ത് ലഭിക്കുന്നത് അവരിൽ നിന്നാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് ഒരു മനുഷ്യനും തരാൻ സാധിക്കില്ല. അത് നിരാകാരനാണ് നൽകുന്നത്. ഭക്തിയും, ജ്ഞാനവും വേറെവേറെ വസ്തുക്കളാണ്. ഭക്തിയിലാണെങ്കിൽ വേദശാസ്ത്രങ്ങൾ പഠിക്കുക യജ്ഞതപം ചെയ്യുക, ദാനപുണ്യങ്ങൾ ചെയ്യുക എന്നതിലൂടെ ഒരുപാട് ചിലവുണ്ടാകുന്നു. ഇതെല്ലാം തന്നെ ഭക്തിയുടെ സാമഗ്രികളാണ്. ഭക്തി ആരംഭിക്കുന്നത് തന്നെ ദ്വാപരം മുതലാണ്. ദേവീദേവൻമാർ എപ്പോൾ വാമമാർഗ്ഗത്തിൽ വന്ന് പതീതരായി മാറിയോ അപ്പോൾപ്പിന്നെ ദേവീദേവതാ എന്ന പേര് വിളിയ്ക്കാൻ കഴിയാതെ വന്നു. കാരണം ദേവീദേവൻമാർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. വാമമാർഗ്ഗത്തിലേക്ക് വന്നതിലൂടെ വികാരികളായിത്തീർന്നു. അപ്പോഴാണ് പറയുന്നത് ദേവതാ ധർമ്മത്തിലുള്ളവർ വാമമാർഗ്ഗത്തിൽ വന്ന് പതീതരായി. പതീതരെ ദേവത എന്ന് പറയാൻ കഴിയാത്തത് കൊണ്ട് പിന്നീട് ഹിന്ദു എന്ന് പേര് വന്നു. വേദശാസ്ത്രങ്ങളിൽ ആര്യൻമാർ എന്ന പേരാണുള്ളത്. ആര്യൻ എന്ന പേര് ഈ ഭാരതഖണ്ഡത്തിനുള്ളതാണ്. ഇപ്പോൾ

ഈ വാക്ക് എവിടെ നിന്നുമാണ് ഉണ്ടായിട്ടുള്ളത് സത്യയുഗത്തിൽ ആര്യൻ എന്ന വാക്കും ഉണ്ടായിരുന്നില്ല. പറയുന്നതുമിങ്ങനെയാണ് ക്രിസ്തുവിന് 3000 വർഷം മുൻപ് ഭാരതത്തിലെ ദേവീദേവൻമാർ വളരെ വിവേകശാലികളായിരുന്നു. എന്നാൽ പിന്നീട് അതേ ദേവതമാർ ദ്വാപരയുഗത്തിൽ വികാരികളായി മാറിയപ്പോൾ അനാര്യർ എന്ന് വിളിക്കപ്പെട്ടു. ഒരാൾ ആര്യൻ എന്ന പേര് വിളിച്ചു ഉടൻ ആ പേര് വീണു. ഏത്പോലെ ആരോ കൃഷ്ണഭഗവാനുവാചാ എന്ന് പറയുകയോ എഴുതുകയോ ചെയ്തു ഉടൻ എല്ലാവരും അത് അംഗീകരിച്ചു. പാടുന്നത് ഇങ്ങനെയൊക്കെയാണ് ശിവായ നമഃ , നീ തന്നെ മാതാവും പിതാവും, എന്നാൽ എങ്ങനെ മാതാവും പിതാവുമായി എപ്പോഴാണ് കുട്ടികളെ രചിച്ചത് ഇതൊന്നും അറിയുന്നില്ല. തീർച്ചയായും സൃഷ്ടിയുടെ ആദ്യമായിരിക്കും രചിച്ചിട്ടുണ്ടാവുക. ഇനി ഇപ്പോൾ സൃഷ്ടിയുടെ ആദ്യമെന്ന് എന്തിനെയാണ് പറയുക, സത്യയുഗത്തേയോ സംഗമയുഗത്തേയോ? സത്യയുഗത്തിലാണെങ്കിൽ ബാബ വരുന്നുമില്ല. സത്യയുഗത്തിന്റെ ആരംഭത്തിൽ വരുന്നത് ലക്ഷ്മീനാരായണനാണ്. അവരെ സത്യയുഗത്തിന്റെ അധികാരിയാക്കിത്തീർത്തത് ആരാണ്? കലിയുഗത്തിലും ബാബ വരുന്നില്ല. ബാബ പറയുകയാണ് ഓരോ കല്പ്പത്തിന്റെ സംഗമയുഗത്തിലും എപ്പോൾ ആത്മാക്കൾ പതീതരായിമാറുന്നുവോ അഥവാ സൃഷ്ടി പഴയതായിത്തീരുന്നുവോ അപ്പോഴാണ് ഞാൻ വരുന്നത്. ഡ്രാമയുടെ ചക്രം പൂർത്തീകരിക്കുമ്പോഴാണല്ലോ ബാബ വരുന്നത്. നിങ്ങൾ കുട്ടികളിൽ വളരെ ധൈര്യം വേണം, ധാരണ വേണം. ഇക്കാലത്ത് സമ്മേളനങ്ങളെല്ലാം നടത്താറുണ്ട്. വേദപഠനത്തിന്റെ നേട്ടങ്ങളെക്കുറിച്ചൊക്കെ. വേദം പഠിക്കാൻ ആഗ്രഹിക്കുന്നോ എങ്കിൽ എന്ത്കൊണ്ട്. പക്ഷേ ഒന്നും തീരുമാനമാകുന്നില്ല. വീണ്ടും അതേ സമ്മേളനം അടുത്ത വർഷവുമുണ്ടാകും. തീരുമാനം എടുക്കാൻ വേണ്ടി കൂടുന്നു പക്ഷേ ഒന്നും നടക്കുന്നില്ല. വിനാശത്തിന്റെ തയ്യാറെടുപ്പും നടന്നുകൊണ്ടിരിക്കുന്നു. ബോംബുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇത് ഇപ്പോൾ കലിയുഗമാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾ കുട്ടികളാണറിയുന്നത്. നിങ്ങളുടെ കാര്യങ്ങളെല്ലാം വേറിട്ടതാണ്. നിങ്ങൾക്കറിയാം മനുഷ്യന് മനുഷ്യർക്ക് ഗതി സത്ഗതി നൽകുവാൻ കഴിയുകയില്ല. ഇങ്ങനെ പാടിക്കൊണ്ടിരിക്കുന്നു പതിത പാവനൻ . അങ്ങനെയെങ്കിൽ സ്വയത്തെ പതിതർ എന്ന് എന്ത്കൊണ്ട് മനസ്സിലാക്കുന്നില്ല. ഇത് പതിതലോകമാണ്, വിഷയസാഗരം. എല്ലാവർക്കും തോണിക്കാരനാകാനൊന്നും കഴിയില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികളിൽ പൂർണ്ണമായും മനസ്സിലാക്കുന്നതിനുള്ള ആ ശക്തി ഇതുവരേക്കും വന്നു കഴിഞ്ഞിട്ടില്ല. നിങ്ങൾ ഇപ്പോൾ അത്രക്കും സമർത്ഥരായി തീർന്നിട്ടില്ല. യോഗവും വേണ്ടത്ര ഇല്ല. ഇപ്പോഴും ചെറിയ കുട്ടികളെപ്പോലെ കരഞ്ഞുകൊണ്ടിരിക്കുന്നു. മായയുടെ കൊടുങ്കാറ്റിൽ നിലനിൽക്കാൻ കഴിയുന്നില്ല. ദേഹാഭിമാനവും വളരെ ഉണ്ട്. ദേഹീഅഭിമാനിയായിത്തീരുന്നില്ല ബാബ വീണ്ടുംവീണ്ടും പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ഇപ്പോൾ നമുക്ക് മടങ്ങിപ്പോകണം. ഓരോ അഭിനേതാക്കളും തന്റേതായ പാർട്ട് അഭിനയിച്ച് കൊണ്ടിരിക്കുന്നു. എല്ലാവരും ശരീരം ഉപേക്ഷിച്ച് മടങ്ങിപ്പോകും. നിങ്ങൾ സാക്ഷിയായി കണ്ട്കൊണ്ടിരിക്കൂ. ദേഹധാരി സംബന്ധങ്ങളിൽ , ദേഹത്തിൽ എന്തിനാണ് മോഹം വെക്കുന്നത്. വിദേഹിയായി തീരുന്നില്ല , അത്കൊണ്ട് വികർമ്മവും വിനാശമാകുന്നില്ല. ബാബയെ ഓർമ്മിച്ച് കൊണ്ടിരുന്നാൽ സന്തോഷത്തിന്റെ ലഹരി കയറിക്കൊണ്ടിരിയ്ക്കും. നമ്മളെ ശിവബാബ പഠിപ്പിക്കുന്നു. പിന്നീട് നമ്മൾ ദേവീദേവതകളായി മാറുന്നുവെങ്കിൽ അപാരസന്തോഷം ഉണ്ടാകേണ്ടതല്ലേ. നിങ്ങൾക്കറിയാം ഭാരതവാസികൾ എപ്പോൾ സുഖത്തിലായിരിക്കുന്നുവോ അപ്പോൾ ബാക്കി എല്ലാ മനുഷ്യരും നിർവ്വാണധാമം, ശാന്തിധാമത്തിലായിരുന്നു. ഇപ്പോഴാണെങ്കിൽ എത്രകോടി മനുഷ്യരാണ്. ഇപ്പോൾ നിങ്ങൾ ജീവന്മുക്തി നേടുന്നതിനായുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി എല്ലാവരും മടങ്ങിപ്പോകും. പഴയലോകം പരിവർത്തനപ്പെട്ട് പുതിയ ലോകമായിത്തീരും. തൈകൾ നടുകയാണ്. ഇതാണ് ദൈവികപുഷ്പങ്ങളുടെ തൈകൾ. മുള്ളിൽ നിന്നും നിങ്ങൾ പൂക്കളായി മാറുകയാണ്. പൂന്തോട്ടം പൂർണ്ണമായും തയ്യാറായിക്കഴിയുമ്പോൾ തന്നെ മുള്ളുകളുടെ കാട് ഇല്ലാതാകും. ഇതിന് തീ പിടിയ്ക്കണം. പിന്നെ നമ്മൾ പൂക്കളുടെ തോട്ടത്തിലേക്ക് എത്തിച്ചേരും. മമ്മയേയും,ബാബയേയും എന്ത്കൊണ്ട് നമുക്ക് അനുകരിച്ച് കൂടാ. ഇങ്ങനെ പറയുന്നുമുണ്ട് അച്ഛനമ്മമാരെ പിൻതുടരൂ. ഇതും അറിയാം ഈ മമ്മയും ബാബയും ലക്ഷ്മി നാരായണനായി മാറും. ഇവർ തന്നെയാണ് 84 ജന്മം എടുത്തത്. നിങ്ങളുടേതും അങ്ങനെയാണ്. ഇവരുടേത് മുഖ്യപാർട്ട് ആണ്. ഇങ്ങനെ എഴുതിയിട്ടുണ്ട് ബാബ വന്ന് സൂര്യവംശി  ചന്ദ്രവംശി സ്വരാജ്യം വീണ്ടും സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയൊക്ക മനസ്സിലാക്കി തന്നിട്ടും ദേഹാഭിമാനം ഉപേക്ഷിക്കുന്നില്ല.എന്റെ ഭർത്താവ് , എന്റെ കുട്ടി , ഹേയ് ഇത് പഴയ ലോകത്തെ പഴയ സംബന്ധങ്ങൾ അല്ലേ എനിക്ക് ഒരേഒരു ശിവബാബ മാത്രം രണ്ടാമതൊരാളില്ല. എല്ലാ ദേഹധാരികളോടുമുള്ള മമത്വം ഇല്ലാതാക്കുക വലിയ ബുദ്ധിമുട്ടായിത്തോന്നുന്നു. ബാബ മനസ്സിലാക്കുന്നു ഇവർക്ക് മമത്വം ഇല്ലാതാക്കുന്നത് ബുദ്ധിമുട്ടായി കാണപ്പെടുന്നു. മുഖം കണ്ടിട്ട് അങ്ങനെ തോന്നുന്നു. കുമാരിമാരാണ് നല്ല സഹയോഗികളായി മാറുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1) ദേഹസഹിതം എല്ലാറ്റിൽ നിന്നും മോഹം വേർപെടുത്തി വിദേഹി ആയിതീരുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ഓരോ അഭിനേതാവിന്റേയും പാർട്ട് സാക്ഷിയായി കാണണം. ബന്ധനമുക്തരായി മാറണം.

2) ഈ പഴയലോകത്തിൽ നിന്നും ഉപരാമമാകണം, സ്വയം സ്വയത്തിനോട് സംസാരിക്കണം അതായത് നമുക്ക് ഇപ്പോൾ മടങ്ങിപ്പോകണം. ഇപ്പോൾ പഴയലോകത്തിന്റെ അവസാനസമയമാണ്, നമ്മുടെ പാർട്ട് പൂർത്തിയായി കഴിഞ്ഞു.

**വരദാനം:– സർവ്വ ഖജനാവുകളുടെയും സമ്പന്നതയിലൂടെ സമ്പൂർണ്ണതയുടെ അനുഭവം ചെയ്യുന്ന പ്രാപ്തി സ്വരൂപരായി ഭവിക്കട്ടെ.**

ചന്ദ്രൻ സമ്പന്നമാകുമ്പോൾ സമ്പന്നത അതിന്റെ സമ്പൂർണ്ണതയുടെ അടയാളമാകുന്നു, അതിനേക്കാൾ കൂടുതൽ അത് വലുപ്പം വെക്കുകയില്ല, ഇത് തന്നെയാണ് സമ്പൂർണ്ണത, പാർശ്വം അൽപം പോലും കുറവുണ്ടാകില്ല. അതേപോലെ താങ്കൾ കുട്ടികൾ എപ്പോൾ ജ്ഞാനം, യോഗം, ധാരണ, സേവനം അതായത് സർവ്വ ഖജനാവുകളാലും സമ്പന്നരാകുന്നത്, അപ്പോൾ ഈ സമ്പന്നതയെത്തന്നെയാണ് സമ്പൂർണ്ണത എന്ന് പറയുന്നത്. അങ്ങനെയുള്ള സമ്പന്ന ആത്മാക്കൾ പ്രാപ്തിസ്വരൂപരാകുന്നത് കാരണം സ്ഥിതിയിലും സദാ സമീപത്തിരിക്കുന്നു.

**സ്ലോഗൻ:– ദിവ്യബുദ്ധിയിലൂടെ സർവ്വ സിദ്ധികളും പ്രാപ്തമാക്കുന്നത് തന്നെയാണ് സിദ്ധിസ്വരൂപരാകുക എന്നത്.**